ഉത്തരം

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയാൻ വനാതിർത്തിക ളിൽ എലിഫന്റ് പ്രൂഫ് ട്രഞ്ച്, വൈദ്യുതി കമ്പിവേലി തുടങ്ങിയവ നിർമ്മിച്ച് വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വന്യമൃഗങ്ങളുടെ ആക്രമണമുള്ള എല്ലാ പ്രദേശങ്ങ ളിലും ഇവ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ആക്രമണ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ കാട്ടിലേക്ക് തന്നെ തുരത്തുവാൻ സ്ക്വാഡുകളേയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രതിരോധ സംവിധാനം ഇല്ലാത്ത മേഖലകളിൽ വന്യജീവികളുടെ ശല്യം വർദ്ധിക്കുന്നതായി കാണപ്പെടുന്നു.

(സി) 20-1-2005-ലെ സ. ഉ. (സാധാ) നമ്പർ 41/05/വനം പ്രകാരം വന്യജീവിക ളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശത്തിന് നൽകി വരുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

ആനക്കൊമ്പ് വേട്ട

112 [T 1830] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആനകൾ ഉണ്ടെന്നും അതിൽ കാട്ടാനകൾ എത്രയെന്നും നാട്ടാനകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആനകൾ ആനക്കൊമ്പ് വേട്ടയ്ക്കിരയായിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്തെ വനംവകുപ്പിന്റെ അധീനതയിൽ എത്ര ടൺ ആനക്കൊമ്പ് സൂക്ഷിച്ചിട്ടുണ്ടെന്നും ഈ കൊമ്പുകൾ സർക്കാർ എന്താണ് ചെയ്യുകയെന്നും അതിന് എത്ര രൂപ വിലയുണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് ദേവസ്വം ബോർഡിന്റെ അധീനതയിൽ എത്ര ആനകൾ ഉണ്ടെന്നും സ്വകാര്യ വ്യക്തികളുടെ അധീനതയിൽ എത്ര ആനകൾ ഉണ്ടെന്നും അറിയി ക്കാമോ ?

ഉത്തരം

(എ) 2002-ലെ സെൻസസ് പ്രകാരം 6939 കാട്ടാനകൾ ഉണ്ടെന്നും നിലവിലുള്ള രേഖകൾ പ്രകാരം 696 നാട്ടാനകൾ ഉണ്ടെന്നും കണക്കാക്കിയിട്ടുണ്ട്.

(ബി) 19 ആനകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനം വകുപ്പിന്റെ അധീനതയിൽ 2728.703 കി. ഗ്രാം ആനക്കൊമ്പും 87.034 കി. ഗ്രാം തേറ്റയും സൂക്ഷിച്ചിട്ടുണ്ട്. ആനക്കൊമ്പ് വിപണനം നിലവിൽ ഇല്ലാത്തതിനാൽ ഈ ആനക്കൊമ്പുകൾ സൂക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. വിപണനം നിലവിലില്ലാത്തതിനാൽ ഇവയുടെ വില തിട്ടപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഡി) സംസ്ഥാനത്ത് ദേവസ്വം ബോർഡിന്റെ അധീനതയിൽ 117 ആനകളും സ്വകാര്യ വ്യക്തികളുടെ അധീനതയിൽ 579 ആനകളും ഉണ്ടെന്ന് നിലവിലുള്ള രേഖകൾ സൂചിപ്പിക്കുന്നു.

വന്യജീവികളുടെ നാശം

113 [T1831] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവികളുടെ ആക്രമണം തടയാൻ കമ്പിവേലി നിർമ്മിച്ചതിന്റെ ഫലമായി വന്യമൃഗങ്ങൾക്ക് നാശം സംഭവിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നുവർഷമായി ഇപ്രകാരം എത്ര നാശം ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) വന്യമൃഗങ്ങൾക്ക് നാശം സംഭവിക്കാത്ത രീതിയിൽ അവയുടെ ആക്രമണം തടയുന്നതിന് നൂതന കരുതൽ നടപടി ഏർപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കമ്പിവേലി നിർമ്മിച്ചതിന്റെ ഫലമായി വന്യമൃഗങ്ങൾക്ക് നാശം സംഭവിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കമ്പിവേലി നിർമ്മിച്ചതിന്റെ ഫലമായി വന്യമൃഗങ്ങൾക്ക് നാശം സംഭവിച്ചതായി കാണാത്തതിനാൽ നൂതന കരുതൽ നടപടികൾ ആവശ്യമില്ല.

പൊൻമുടി ഡാമിലെ തേക്ക് പ്ലാന്റേഷൻ

114 [T1832] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ പൊൻമുടി ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ എത്ര ഹെക്ടർ സ്ഥലത്ത് വനംവകുപ്പ് തേക്ക് വച്ചുപിടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly